വാർത്താക്കുറിപ്പ്

## കുഫോസിൽ പി.ജി ഒന്നാംഘട്ട അലോട്ട്മെന്റ് 19 മുതൽ

കൊച്ചി - കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകാലാശാലയിൽ (കുഫോസ്്) 2020-21 അധ്യയനവർഷത്തിൽ വിവിധ പി.ജി.കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് ഒക്ടോബർ 19 ന് തുടങ്ങും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ ഒന്നാംഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടാനായി ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്. ഒക്ടോബർ 23 വൈകീട്ട് 4 ന് മുൻപ് ഓപ്ഷൻ സമർപ്പിക്കുന്നവരെ മാത്രമേ ഒന്നാംഘട്ട അലോട്ട്മെന്റിന് പരിഗണിക്കുവെന്ന് രജിസ്ട്രാർ ഡോ.ബി.മനോജ്കുമാർ അറിയിച്ചു. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഒക്ടോബർ 24 മുതൽ 27 വരെയുള്ള ദിവസങ്ങളിൽ നിശ്ചിതഫിസ് ഓൺലൈനായി അടച്ച് അഡ്മിഷൻ നേടണം. കോവിഡ് 19 മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഇത്തവണ പൂർണ്ണമായും ഓൺലൈനായിഅണ് കുഫോസിൽ പി.ജി.കോഴ്സിലേക്കുന്ന പ്രവേശനം നടത്തുന്നത്. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റ് (www.kufos.ac.in) സന്ദർശിക്കുക. ഫോൺ- 0484 2701085.

Registrar